**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2466** **02-08-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിൽ കായൽ ടൂറിസം നേരിടുന്ന പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളിൽ ആലപ്പുഴയിലെ ഹൗസ് ബോട്ട് സഞ്ചാരത്തിനും കായൽ ടൂറിസത്തിനും ആവശ്യമായ ഇളവുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നിലവിൽ പ്രത്യേക ഇളവുകളൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) | ഹൗസ് ബോട്ട് സഞ്ചാരം നിലയ്ക്കുന്നത് മൂലം പ്രസ്തുത മേഖലയിൽ ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ഹൗസ് ബോട്ട് സഞ്ചാരം നിലയ്ക്കുന്നതു മൂലം പ്രസ്തുത മേഖലയിൽ ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാർ 'ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ നേരിട്ടും അല്ലാതെയും തൊഴിൽ ചെയ്ത് ജീവിത മാർഗ്ഗം തേടുന്നതിനാൽ ഈ മേഖലയിൽ ആവശ്യമായ ഇളവുകൾ നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | 'കോവിഡ് 19' വിദഗ്ധ സമിതിയുടെയും ആരോഗ്യ വകുപ്പിന്റെയും ശുപാർശകൾ പ്രകാരമാവും വിനോദ സഞ്ചാര മേഖലയ്ക്കടക്കമുള്ള ഇളവുകൾ അനുവദിക്കുക. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുള്ള ഈ തീരുമാനങ്ങളിൽ ജില്ലാ ഭരണകൂടങ്ങളുടെ അഭിപ്രായവും പരിഗണിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ